പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.592 — 28.02.2017 ൽ മറുപടിയ്ക്ക്

## സ്റ്റേഡിയ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ദേശീയ ഗെയിംസിന്റെ വേദികൾ ഇല്ലാതിരുന്ന 7 ജില്ലകളെ നോൺ നാഷണൽ ഗെയിംസ് ജില്ലകളായി വേർതിരിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലയിൽ കോഴിക്കോട്ടും മദ്ധ്യകേരളത്തിൽ കോട്ടയത്തും ഗ്രീൻഫീൽഡ് സ്റ്റേഡിയം അടക്കം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതാണ് എന്ന മന്ത്രിസഭാ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. ദേശീയ ഗെയിംസ് കേരളത്തിലെ 7 ജില്ലകളിലായാണ് നടന്നത്. അതിൽ കോഴിക്കോടും ഉൾപ്പെട്ടിരുന്നു. 2016-17 പുതുക്കിയ ബജറ്റിൽ കേരളത്തിലെ എല്ലാ ജില്ലകളിലുമായി ആധുനിക രീതിയിലുള്ള 14 ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 500 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം അല്ലെങ്കിൽ പുതിയ സ്റ്റേഡിയം നിർമ്മാണം എന്നിവയുൾപ്പെട്ട 31 പുതിയ പദ്ധതികൾക്കായി 2016-17 ലെ പുതുക്കിയ ബജറ്റിൽ 195 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.<br><br>കോട്ടയം നാഗമ്പടം സ്റ്റേഡിയം, തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയം മാതൃകയിൽ DBOT വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് 03.03.2014 ൽ ദർഘാസ് ക്ഷണിച്ചു എങ്കിലും നീട്ടിയ കാലാവധിയിൽ പോലും ഒരു ദർഘാസും ലഭിച്ചിട്ടില്ല. |
| ബി) | അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ മാതൃകയിൽ പുതിയ സ്പോർട്സ് സമുച്ചയം നിർമ്മിക്കുവാനുള്ള നടപടി എന്തായി എന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ